ശ്രീ. എം. നാരായണക്കുറുപ്പ് : ഈ പദ്ധതിയിൽ വകയിരുത്തിയ സംഖ്യയിൽ മുഴുവൻതന്നെ കേന്ദ്ര അലോട്ടുമെന്റ് കിട്ടുമോ എന്നുള്ള കാര്യത്തിൽ മന്ത്രി ഇവിടെ സംശയം പ്രകടിപ്പിക്കുകയുണ്ടായി. അതേപ്പറ്റി വീണ്ടും കേന്ദ്രത്തോട് നിവേദനം നടത്തിയിട്ടുണ്ടെന്നു ഇവിടെ പറയുകയുണ്ടായി. കൂടുതൽ വല്ല വിവരവും ഈ ഗവണ്മെന്റിനു് ഇപ്പോഴം ലഭിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ നിവേദനം നടത്തിയെങ്കിലും വ്യക്തമായ ഒരു മറുപടി ഇതുവരെ ലഭിച്ചിട്ടില്ല.

ശ്രീ. ഈ പി. ഗോപാലൻ : സർ, ഈ അടുത്ത സാമ്പത്തിക വർഷത്തിൽ മേജർ പദ്ധതികൾക്ക നീക്കിവച്ചിട്ടുള്ള സംഖ്യയിൽ കേന്ദ്രവിഹിതം എത്രയാണെന്നറിവില്ല എന്നു പറഞ്ഞു. വളരെ പ്രധാനപ്പെട്ട ചില പദ്ധതികൾക്കു് വരുന്ന സാമ്പത്തിക വർഷത്തിൽ നാമമാത്രമായി മാത്രമേ തുക വച്ചിട്ടുള്ളു. അവയുടെ അഭിവൃദ്ധിയുടെ കാര്യത്തിൽ വളരെ പ്രാധാന്യം ഉണ്ടെന്നുള്ളതു പരിഗണിച്ചു കേന്ദ്ര ഗവണ്മെന്റുമായി ആലോചിച്ചു് കല്പട, കാഞ്ഞിരംപുഴ തുടങ്ങിയ പദ്ധതികൾക്ക മുൻകൈ എടുക്കുന്നതിനു ശ്രമിക്കുമോ?

ശ്രീ. ആർ. ശങ്കർ : ഈ പദ്ധതികൾക്ക അവസാന രൂപം നൽകുന്നതിനു വേണ്ടി ഇൻഡ്യാ ഗവണ്മെന്റും പ്ലാനിംഗ് കമ്മീഷന്റെ പ്രതിനിധിയും സ്റ്റേറ്റു ഗവണ്മെന്റിന്റെ പ്രതിനിധിയുമായി വളരെയേറെ ചർച്ചകൾ നടത്തിയതിന്റെ ഫലമായിട്ടാണു് കൂടുതൽ പണം നീക്കിവയ്ക്കണമെന്ന നിവേദനം നടത്തിയിരിക്കുന്നതു്. ഒടുവിൽ സ്വീകരിച്ചിരിക്കുന്നതു് ഇപ്പോഴം ഉള്ള തുക മാത്രമേ നൽകാൻ സാധിക്കുകയുള്ള എന്നാണു്. അതുവച്ചു ഗവണ്മെന്റു ഫലപ്രദമായി ഉപയോഗിക്കാമെന്നാണു് വിചാരിക്കുന്നതു്.

ശ്രീ. സി. അച്യുതമേനോൻ : പ്ലാനിംഗ് കമ്മീഷനുമായി ആദ്യം നടന്ന ചർച്ചയുടെ തീരുമാനത്തിൽ പിന്നീടു ഭേദഗതി വരുത്തിയെന്നു പറയുകയുണ്ടായി. ഇപ്പോഴം അതിനെതിരായി നിവേദനം നടത്തി എന്നും പറഞ്ഞു, ഈ ഭേദഗതി നമ്മുടെ സ്റ്റേറിനുമാത്രമേ ബാധകമാവുകയുള്ളോ, അതോ മറ്റു സ്റ്റേറുകൾക്കും ബാധകമാവുമോ?

ശ്രീ. ആർ. ശങ്കർ : ഇവിടെ സ്ഥിതി വ്യത്യസ്തമല്ല. മറ്റു പല സ്റ്റേറുകളിലും പ്ലാനിംഗ് കമ്മീഷൻ ഫൈനാൻസ് മിനിസ്ട്രിയുമായി ആലോചിച്ചു അവസാനം അവർ കൈക്കൊണ്ട കണക്കുകൾ അനുസരിച്ചു് ഓരോ സ്റ്റേറിലും നൽകാമെന്നു ഏറ്റിരുന്ന ഷെയറിൽ അൽപ്പം കുറവു ചെയ്യേണ്ടിവരുമെന്നു എടുത്ത നിർദ്ദേശം പ്ലാനിംഗ് കമ്മീഷൻ ഗവണ്മെന്റിനെ അറിയിക്കുകയാണു് ചെയ്തിരിക്കുന്നതു്. നമുക്കുള്ള സെൻട്രൽ ഷെയർ 29 5 കോടി രൂപയാണു് എന്നാണു് പ്ലാനിംഗ് കമ്മീഷൻ ആദ്യം തീരുമാനിച്ചിരുന്നതു്. ഇപ്പോൾ അതുപയം തുക തരുന്നതിനു വിഷമം ഉണ്ടാകുമെന്നും 26·2 കോടി രൂപ മാത്രമേ തരാൻ സാധിക്കുകയുള്ള എന്നും അതിനനുസരിച്ചു് പ്ലാനിൽ മാറ്റം വരുത്തണമെന്നും നമ്മെ അറിയിച്ചു. അങ്ങനെ മാറ്റം വരുത്തുവാൻ പ്രയാസമാണെന്നും ആദ്യം അനുവദിച്ച എല്ലാ തുകയും ഉപയോഗത്തിലാക്കാണു് പദ്ധതികളുടെ പ്രവർത്തനം എടുത്തിരിക്കുകയാണെന്നും അതുകൊണ്ടു് ഈ തീരുമാനം ഒന്നു പുനഃപരിശോധന ചെയ്യണമെന്നും ആദ്യത്തെ തുകതന്നെ നൽകണമെന്നും കേന്ദ്രത്തിൽ ശക്തിയായി നിവേദനം നടത്തിയിരിക്കുകയാണു്.

ട്രിവാൻഡ്രം സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റ്

* 925. [15] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ട്രിവാൻഡ്രം സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റിനു് നാളിതുവരെ ഗവണ്മെന്റിൽനിന്നും നൽകിയ തുക എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1963 ഡിസംബർ 31-ാം തീയതി എത്ര വക്കേകം ആരംഭിച്ചിട്ടുണ്ട്; എത്രയെണ്ണം പൂർത്തിയായിട്ടുണ്ട്; ആയതിലേക്ക് ചെലവഴിച്ച തുകയെത്ര;

(സി) ട്രസ്റ്റിലെ ജോലിക്കാർക്ക് (ഉദ്യോഗസ്ഥന്മാർക്ക്) ശമ്പളമായും മറ്റും ഒരു വർഷത്തിൽ എത്ര തുക ചെലവാകുന്നു;

(ഡി) ആകെ ഉദ്യോഗസ്ഥന്മാർ എത്ര;

(ഈ) ഗവണ്മെൻറിൽ നിന്നും അയച്ച ഉദ്യോഗസ്ഥന്മാർ എത്ര;

(എഫ്) ട്രസ്റ്റ് നിയമിച്ച ഉദ്യോഗസ്ഥന്മാർ എത്ര;

(ജി) ട്രസ്റ്റ് നിയമിച്ച ഉദ്യോഗങ്ങളുടെ ജാതി തിരിച്ചുള്ള പട്ടിക നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 19,2 000 രൂപ കടമായും,
4,75,000 രൂപ ഗ്രാൻറായും കൊടുത്തിട്ടുണ്ട്.

(ബി) 1963 ഡിസംബർ 31-ാം തീയതി വരെ നാലു വക്കേകം ആരംഭിച്ചിട്ടുണ്ട്. ഒന്നും പൂർത്തിയായിട്ടില്ല. ചെലവായ തുക 11,18,413 രൂപ.

(സി) മുന്നു കൊല്ലക്കാലമായി ശരാശരി 58,300 രൂപ ശമ്പളമായും മറ്റും ഒരു വർഷത്തിൽ ചെലവാകുന്നുണ്ട്.

(ഡി) ആകെ ഉദ്യോഗസ്ഥന്മാർ 73.

(ഈ) ഗവണ്മെൻറിൽ നിന്നും അയച്ച ഉദ്യോഗസ്ഥന്മാർ 11.

(എഫ്) ട്രസ്റ്റ് നിയമിച്ച ഉദ്യോഗസ്ഥന്മാർ 62.

(ജി) †പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. കെ. ഹസ്സൻഗനി : ട്രസ്റ്റ് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനും മറ്റും പബ്ലിക് സർവ്വീസ് കമ്മീഷനിലെ റൂൾസും റിസർവേഷൻ തത്വവും ശരിയായി പാലിക്കപ്പെടുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: ഇല്ല.

ശ്രീ. കെ. ഹസ്സൻ ഗനി: ഇങ്ങനെ നിയമിക്കുമ്പോൾ നീതി ലഭിക്കുന്നതിനുവേണ്ടി അങ്ങനെയൊരു നിർദ്ദേശം ഗവണ്മെൻറ് നൽകാതിരിക്കുന്നതു് എന്തുകൊണ്ടാണു് ? ട്രസ്റ്റ് 62 ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുള്ളതിൽ 42 നായന്മാർക്കും ബാക്കിയുള്ളതു് പന്ത്രണ്ടു് ഇതര സമുദായക്കാർക്കുമായി വിതരണം ചെയ്തിരിക്കുകയാണു്. അതുകൊണ്ടു് ന്യായമായ ഒരു തീരുമാനം എടുക്കുന്നതിനു വേണ്ട നിർദ്ദേശം ഗവണ്മെൻറ് നൽകുമോ ?

ശ്രീ. ആർ. ശങ്കർ: ട്രസ്റ്റ് സാധാരണ ഗതിയിൽ നടത്തിയ നിയമനങ്ങളുടെ വിവരങ്ങളാണു് നൽകിയിരിക്കുന്നതു്. അങ്ങനെയൊരു നിർദ്ദേശം കൊടുക്കുവാൻ കഴിയുമോ എന്നു ഇപ്പോഴും വ്യക്തമായി പറയുവാൻ കഴിയുകയില്ല. ട്രസ്റ്റിനു് ഇതേപ്പറ്റി വേണ്ട നിർദ്ദേശം കൊടുക്കുവാൻ കഴിയുമോ എന്നുള്ളതു് പരിശോധിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ്: നഗരസഭാവികസന പ്രവർത്തനങ്ങൾ വിജയകരമായി നടത്തണമെങ്കിൽ അതു ഒരു ഇംപ്രൂവുമെൻറ് ട്രസ്റ്റ് മുഖേനയല്ലാതെ സാധ്യമല്ല എന്നു കോഴിക്കോട്ട് മുനിസിപ്പൽ കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുള്ളതനുസരിച്ചു് കോഴിക്കോട്ട് ഒരു ഇംപ്രൂവുമെൻറ് ട്രസ്റ്റ് ഉണ്ടാക്കുന്ന കാര്യം ഗവണ്മെൻറ് പരിഗണനയിൽ എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : അതിനെപ്പറ്റി ആലോചിക്കുന്നുണ്ടു്.

† Appendix III

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഈ. ബലറാം: സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റ് ചെയർമാൻ മി. കുഞ്ഞുകൃഷ്ണപിള്ള അദ്ദേഹത്തിനു സ്വാധീനമുള്ള ആളുകളെ ഇതിൽ എടുത്തു എന്നറിയുന്നതിൽ വല്ല വാസ്തവവും ഉണ്ടോ ?

ശ്രീ. ആർ. ശങ്കർ: ഗവണ്മെൻറിനങ്ങനെ അറിവില്ല. വാസ്തവമാണോ എന്നന്വേഷണം നടത്താം.

ശ്രീ. കെ. ആർ. വിജയൻ: എറണാകുളവും മട്ടാഞ്ചേരിയും കൂടിചേർത്തു കൊണ്ട് ഒരു സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റ് രൂപീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ: പ്രാരംഭമായി അവിടെ ചെയ്യേണ്ടതു് ഒരു കാർപ്പറേഷൻ രൂപീകരിക്കുക എന്നുള്ളതാണു്. അതു കഴിഞ്ഞിട്ട് ട്രസ്റ്റ് ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കാം.

അടിമവ്യവസായത്തെപ്പറ്റിയുള്ള പത്രവാർത്ത

* 926. [16 ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ഹരിജനങ്ങളുടെ ഇടയിൽ അടിമവ്യവസായമുണ്ടെന്നു് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിലെ വല്ല ഉദ്യോഗസ്ഥന്മാരും പത്രങ്ങളിൽക്കൂടെ പ്രചാരം നടത്തിയിട്ടുണ്ടോ; എങ്കിൽ ആ ഉദ്യോഗസ്ഥൻ ആരാണു്;

(ബി) എപ്പോഴാണു് അങ്ങനെ എഴുതിയതു്;

(സി) ഈ സംഗതി പത്രങ്ങളിൽ കൊടുക്കുന്നതിനുമുമ്പു് തന്റെ ഡിപ്പാർട്ടുമെൻറു് മുഖേന ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെടുത്തുവാൻ ഈ ഉദ്യോഗസ്ഥൻ ശ്രമിച്ചിരുന്നുവോ;

(ഡി) മുൻകൂട്ടിയുള്ള അനുവാദം ഇല്ലാതെ ഇങ്ങനെയുള്ള കാര്യങ്ങൾ പ്രചരിപ്പിക്കുന്ന സംപ്രദായം നിർത്തിക്കുവാൻ വേണ്ട നടപടിയെടുക്കുമോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിലുണ്ടായിരുന്ന ശ്രീ. പി. വി. കുഞ്ഞിരാമൻ എന്ന ഉദ്യോഗസ്ഥൻ മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച ചില ലേഖനങ്ങളിൽ, വയനാട്ടിൽ ഗിരിവർഗ്ഗക്കാരുടെ ഇടയിൽ അടിമ വ്യാപാരം ഉണ്ടെന്നു പറഞ്ഞിട്ടുണ്ടു്.

(ബി) 1960–ൽമാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ ലേഖനങ്ങളിൽ.

(സി) ഇല്ല.

(ഡി) ഗവണ്മെൻറിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഗവണ്മെൻറു ജീവനക്കാർ ലേഖനങ്ങളോ, പുസ്തകങ്ങളോ പ്രസിദ്ധീകരിക്കാൻ പാടില്ലെന്നു് കേരളാ ഗവണ്മെൻറു സർവ്വീസു് കാൺഡക്ടു് റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

ശ്രീ. സി. എച്ച്. കുട്ടി: ശ്രീ. കെ. പാനൂർ എന്നൊരാളെയാണു് ഇവിടെ സാഹിത്യകാരനായി അറിയുന്നതു്. അദ്ദേഹം ഈ പി. വി. കുഞ്ഞിരാമൻ തന്നെയാണോ ?

ശ്രീ. കെ. കുഞ്ഞമ്പു: അതെ. അദ്ദേഹംതന്നെയാണു് ശ്രീ. കെ. പാനൂർ എന്ന നാമധേയത്താൽ അറിയപ്പെടുന്നതു്.

ശ്രീ. പി. രാമൻനായർ: ശ്രീ. കെ. പാനൂർ എന്നയാൾക്കു ലേഖനം എഴുതുന്നതിനുള്ള അനുവാദം കൊടുത്തിരുന്നു എന്നുള്ളതു ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

[*Please see answer to Question No.* 925 (15)]

Statement showing the Caste war details of Employees in the Trivandrum City Improvement Trust

(*Vide Answer to starred Question No.* 1010 *dated* 30-3-1964)

Nairs	42
Ezhavas	3
Brahmins	2
Hindu Nadar	2
Veluthedathu Nair	1
Vilakkithala Nair	1
Arayan	1
Hindu Chetti	1
Vellala	1
Viswakarma	1
Muslims	3
Ganakan	1
Latin Catholic	1
Syrian Catholic	1
Christian Nadar	1
Total	62

LIBRARY ARCHIVES Kerala Legislative Assembly